**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1814** **11-10-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി യുടെ വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി യാത്രക്കാർക്ക് കുറഞ്ഞ ചിലവിൽ നല്ല ഭക്ഷണം ലഭ്യമാക്കുന്നതിന് വിവിധ ഡിപ്പോകളിലെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിട മുറികളിൽ കുടുംബശ്രീവഴി ജനകീയ ഹോട്ടൽ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | യാത്രക്കാർക്ക് നല്ല ഭക്ഷണം ലഭ്യമാക്കുന്നതിന് വിവിധ ഡിപ്പോകളിലെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ Restaurant-കൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി.യുടെ ഡീസൽ ബസുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം നടത്തുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണ്; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ ഡീസൽ ബസുകൾ സി.എൻ.ജി.യിലേക്ക് മാറ്റുന്നതിനായി സി.എൻ.ജി. കിറ്റ് ഉപയോഗിച്ച് 6 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം നടത്തിയിട്ടുണ്ട്. കൂടാതെ വാഹന നിർമ്മാതാവിൽ നിന്നും സി.എൻ.ജി. എഞ്ചിനും, അനുബന്ധ സാധനങ്ങളും വാങ്ങി 2 ബസ്സുകളും പരിവർത്തനം ചെയ്തിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾ സർവ്വീസ് നടത്തി വരുന്നു.<br><br>കൂടുതൽ ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേയ്ക്ക് പരിവർത്തനം നടത്തുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) | കൂടുതൽ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന് പദ്ധതിയുണ്ടോ: വിശദമാക്കാമോ ? | (സി) | കൂടുതൽ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിന് നിലവിൽ പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ